

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വക്കം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.10/145/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വക്കം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വക്കം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജിപി.10/145/2026 തീയ്യതി: 21/02/2026

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	17-01-2026	24-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-01-2026	24-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ കെ.വി., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി ഇന്ദുലേഖ കെ.പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി എം. ലാലിജ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ഷീബ കെ.എസ്.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. ദേവരാജ്	മെഡിക്കൽ ഓഫീസർ (RHC)	01-04-2024	31-08-2024
ഡോ. റാമീസ് രാജ എ.	മെഡിക്കൽ ഓഫീസർ (RHC)	01-09-2024	31-03-2025
ഡോ. ഗ്ലോറി അലക്സ് എസ്.എം.	സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. രശ്മി ആർ.എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീമതി നസീമ ബീവി എം	കൃഷി ഓഫീസർ	01-04-2024	09-12-2024
ശ്രീമതി ശ്രുതി എ.എസ്.	കൃഷി ഓഫീസർ	10-12-2024	31-03-2025
ശ്രീമതി ശ്രീജ എസ്.എൽ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-07-2024
ശ്രീമതി ബേനസീർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-08-2024	31-03-2025
ശ്രീമതി പ്രീത ദേവദാസ്	ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി.എസ്, നിലക്കാമുക്ക്	01-04-2024	31-03-2025
ശ്രീമതി ആതിര ആർ.എൽ.	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	13-08-2024
ശ്രീ. ശ്രീജിത്ത് എസ്.	ഡയറിഫാം ഇൻസ്ട്രക്ടർ	14-08-2024	31-03-2025
ഡോ. മാധവിക്കുട്ടി ജെ.എസ്.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി ശ്രീകല ആർ.എസ്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	28-04-2024
ശ്രീമതി ഷീബ കെ.എസ്.	സെക്രട്ടറി	29-04-2024	28-07-2024
ശ്രീമതി ശ്രീകല ആർ.എസ്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	29-07-2024	10-09-2024
ശ്രീമതി ഷീബ കെ.എസ്.	സെക്രട്ടറി	11-09-2024	31-03-2025
ശ്രീമതി ദീപ ഡി.ആർ.	അസി. എഞ്ചിനീയർ, LSGD	01-04-2024	08-01-2025
ശ്രീമതി ശ്രീലക്ഷ്മി	അസി. എഞ്ചിനീയർ , അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് (അഡി. ചാർജ്ജ്)	08-01-2025	28-01-2025
ശ്രീമതി ജയലക്ഷ്മി പി.ബി.	അസി. എഞ്ചിനീയർ, LSGD	28-01-2025	31-03-2025
ശ്രീമതി ശ്രീകല ആർ.എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമശ്രീമതി .ശരണ്യ എസ്. ദേവ് ഡി.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) ചാർജ്ജ്	01-04-2024	31-03-2025

ശ്രീമതി ശരണ്യ എസ്. ദേവ് ഡി.എസ്.	വി.ഇ.ഒ. (സർക്കിൾ 1)	01-04-2024	31-03-2025
ശ്രീമതി ശരണ്യ എസ്. ദേവ് ഡി.എസ്.	വി.ഇ.ഒ. (സർക്കിൾ 2) ഇൻചാർജ്	01-04-2024	30-09-2024
ശ്രീമതി അഭിമ ജയചന്ദ്രൻ	വി.ഇ.ഒ. (സർക്കിൾ 2)	01-10-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-2
4	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-3
5	വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (CFC)-ന്റെ നീക്കിയിരിപ്പും ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല	1-1-6
8	ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തിയില്ല	1-1-7
9	ILGMS റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് ക്ലോസിംഗ് ബാലൻസ് - പൊരുത്തപ്പെടുന്നില്ല	1-1-8
10	ദുരിതാശ്വാസനിധി സംബന്ധിച്ച ബാലൻസ് ഷീറ്റ് – ബാങ്ക് അക്കൗണ്ട് പൊരുത്തക്കേട്	1-1-9
11	ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയ ചെക്ക് ചെലവുകളും ബാങ്ക് സ്റ്റേറ്റ്മെന്റിലെ പിൻവലിക്കൽ തുകയും തമ്മിൽ പൊരുത്തക്കേട്	1-1-10
12	KURDFC ലോണുമായി ബന്ധപ്പെട്ട മുൻവർഷ നീക്കിയിരിപ്പ്, തൻവർഷ വരവ്, തിരിച്ചടവ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക നില	1-3
15	ഗ്രാന്റ് വിനിയോഗം - അപാകതകൾ	1-4-1
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	ക്ഷേമ പെൻഷൻ	1-6
19	ക്യാഷ് പരിശോധന	1-7
20	ആഭ്യന്തരനിയന്ത്രണം	1-8
21	വ്യക്തിഗത ഗുണഭോക്താക്കൾ - ആനുകൂല്യം നൽകുന്നത് സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല	1-9-1
22	സർക്കുലറിലെ നിർദ്ദേശങ്ങൾ - നിർമ്മാണ പ്രവർത്തികളിൽ വിദഗ്ദ/അർദ്ധ വിദഗ്ദ തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല	1-9-2
23	വ്യക്തിഗത ആസ്തി നിർമ്മാണം - അപാകം	1-9-3
24	തൊഴിലുറപ്പ് പദ്ധതി	1-9
25	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
26	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം	1-11
27	നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല	1-12

28	അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി	1-13
29	തൊഴിൽ നികുതി - വിവിധ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല	1-14
30	നികുതി നികുതിയോതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം	1-15
31	FTE&OS ലൈസൻസ് നൽകുന്നതിലെ അപാകങ്ങൾ	1-16
32	രസീത് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ	1-17
33	കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം ജനറൽ (SO)എന്ന പദ്ധതിയിലെ അപാകങ്ങൾ - 1,65,789/- രൂപ തടസം ചെയ്യുന്നു	1-18
34	കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം SC (SO)എന്ന പദ്ധതിയിലെ അപാകങ്ങൾ - 19,125/- രൂപ തടസം ചെയ്യുന്നു	1-19
35	പാഥേയം പദ്ധതി, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തുക 13,776/- രൂപ തടസ്സപ്പെടുത്തുന്നു	1-20
36	ബഡ്സ് സ്കൂളിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ പദ്ധതി - ആദായ നികുതി ഈടാക്കിയിട്ടില്ല	1-21
37	കൊന്നക്കൂട്ടം ലക്ഷം വീട് കോളനിയിൽ പൊതു കിണർ നിർമ്മാണം പൂർത്തിയാക്കിയതിൽ കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.	1-22
38	മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ പ്രവർത്തിയ്ക്ക് ഇൻഷുറൻസ് എടുക്കുന്നില്ല	1-23
39	ടേക്ക് എ ബ്രേക്ക് - ഉപയോഗ ശൂന്യം ആയി തുടരുന്നു	1-24
40	മഴ വെള്ള സംഭരണി ഒരുക്കൽ പദ്ധതി - എർത്ത് വർക്ക് എക്സകവേഷന് അധിക നിരക്ക് നൽകി - 1,804/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-25
41	വെളിയം വിളാകം പൊതുകുളം - നവീകരണ പ്രവൃത്തികൾ പാഴായി	1-26
42	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-27
43	ദുരിതാശ്വാസ നിധി - നീക്കിയിരിപ്പിൽ വ്യത്യാസം	1-28
44	സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് - അധികം തുക നൽകിയ 21,348/- രൂപ തടസ്സപ്പെടുത്തുന്നു	1-29
45	ജ്വാല – സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും - തുക വകമാറ്റി ചെലവഴിച്ചു - 9,165/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
46	മിനിട്ട്സ് അംഗീകരിക്കുന്നതിൽ കാലതാമസം	1-31
47	തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിപ്പിലെ അപാകങ്ങൾ	1-32
48	തെരുവ് വിളക്ക് ചാർജ്ജ് അടവാക്കൽ - മീറ്ററിംഗ് നടപടി പൂർത്തിയാക്കിയില്ല	1-33
49	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - പ്രവർത്തനാവലോകനം	1-34
50	ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്	1-35
51	കരാർ / ദിവസ വേതന ജീവനക്കാരുടെ നിയമനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്	1-36
52	പൂവനി - പുഷ്പ കൃഷി പദ്ധതി - വിശദാംശം - ലഭ്യമാക്കിയില്ല	1-37
53	കെട്ടിടങ്ങളുടെ പരിശോധന - വിശദാംശം ലഭ്യമാക്കേണ്ടതാണ്	1-38
54	ബയോ ബിൻ വിതരണം - അപാകങ്ങൾ - 3,26,371/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-39
55	ജലജീവൻ മിഷൻ പദ്ധതി അവലോകനം	1-40
ഭാഗം 2		

--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് അവലോകനം	4-1
2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/ തീ.21.01.2026) ILGMS സോഫ്റ്റ്വെയറിൽ അക്കൗണ്ട് കുറിപ്പുകൾ, വാർഷിക അനുപാതം എന്നിവ തയ്യാറാക്കുന്നതിന് ആവശ്യമായ രേഖകൾ സോഫ്റ്റ്വെയറിൽ ലഭ്യമല്ലായെന്ന വിവരം അറിയിച്ചു.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

വക്കം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.07.2025 ലെ 3/1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 23.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വക്കം ഗ്രാമപഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ

ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2024-25വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി
110100101	Property Tax On Residential Buildings	42401075/31.03.2025
110100102	Property Tax On Non Residential	42401082/31.03.2025
110200105	Profession Tax - Traders	42400682/31.03.2025

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/തീ.21.01.2026) ഒരു സാമ്പത്തിക വർഷം ആരംഭത്തിൽ മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ അടിസ്ഥനത്തിലാണ് ഡിമാൻഡ് രേഖപെടുത്താറുള്ളതെന്നും പ്രസ്തുത ഡിമാന്റിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലിന്റെ അടിസ്ഥാനത്തിൽ ആ സാമ്പത്തിക വർഷത്തിന്റെ അവസാനം വ്യക്തമായ ഡിമാൻഡ് രേഖപ്പെടുത്തും എന്നാണ് മറുപടി ലഭ്യമായത്

തുടർന്നുള്ള വർഷങ്ങളിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ് എൻട്രി ഓരോ ഇനത്തിലും പ്രതിമാസം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2023-24 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ രേഖപ്പെടുത്തിയിരിക്കുന്ന 2,892/- രൂപയുടെ അതെ നീക്കിയിരുപ്പ് തന്നെയാണ് 2024-25 ബാലൻസ് ഷീറ്റിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 13/തീ.21.01.2026) അടുത്ത സാമ്പത്തിക വർഷത്തിൽ Stock In Hand കാലികമാക്കി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന അവസരത്തിൽ ക്രമീകരിച്ചു സമർപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

1-1-4 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ 2025 മാർച്ച് മാസത്തെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 13/തീ.21.01.2026) തുടർ വർഷങ്ങളിൽ പ്രൊവിഷൻ രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമായി.

1-1-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (CFC)-ന്റെ നീക്കിയിരിപ്പും ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (CFC) തുകയുടെ 31/3/25 ലെ നീക്കിയിരിപ്പും അവയുടെ ബാങ്ക് ബുക്കിലെ (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ - 40345101088324) 31/3/25 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

ശീർഷകം	ഇനം	ബി -4 പ്രകാരം നീക്കിയിരിപ്പ്	ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ്
320200104 & 320200113	CFC Grant	₹51,89,961/-	₹52,02,541/-

12,580/- രൂപയുടെ വ്യത്യാസം വന്നതിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/തീ.21.01.2026) ആയത് പരിശോധിച്ച് അടുത്ത ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്. തുടർ വിവരം അറിയിക്കേണ്ടതാണ്.

1-1-6 ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assetsന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	ഹെഡ് കോഡ്	ഇനം	തുക (₹)

നമ്പർ			
1	416100102	Accumulated Depreciation-Roads & Bridges	(-)24,33,796
2	416100103	Accumulated Depreciation-Sewerage & Drainage	(-)89,388
3	416100105	Accumulated Depreciation-Public Lighting	(-)2,56,026
4	416100106	Accumulated Depreciation-Plant And Machinery	(-)14,796
5	416100110	Accumulated Depreciation- Other Fixed Assets	(-)1,28,181

ഡിപ്രീസിയേഷൻ കണക്കാക്കാത്തിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/21.01.2026) അടുത്ത സാമ്പത്തിക വർഷം മുതൽ ഡിപ്രീസിയേഷൻ കണക്കാക്കി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമായത്.

1-1-7 ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തിയില്ല

ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ റീക്കൺസിലിയേഷൻ 2024-25 വർഷാന്ത്യത്തിലും നടത്തിയിട്ടില്ല.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട്	ബാങ്ക് ബുക്ക് നീക്കിയിരിപ്പ് (₹)	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് (₹)
1	കാനറ ബാങ്ക് – 110127792607	20,03,219	20,10,267
2	കാനറ ബാങ്ക് - 110128627164	5,27,866	5,20,811
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - 57017602007	30,19,222	30,70,144

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 13/തീ.21.01.2026) KSMART ലേക്ക് പ്രാരംഭബാക്കി രേഖപ്പെടുത്തുന്നതിന് മുമ്പായി എല്ലാ അക്കൗണ്ടുകളും Reconcile ചെയ്ത് അടുത്ത ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന മറപടി ലഭ്യമായി. തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-8 ILGMS റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് ക്ലോസിംഗ് ബാലൻസ് - പൊരുത്തപ്പെടുന്നില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നമ്പർ 67063175562 ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025 നു 2,203/- രൂപയുടെ നീക്കിയിരിപ്പുണ്ട്. എന്നാൽ ILGMS-ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ടി അക്കൗണ്ടിന്റെ ബാങ്ക്ബുക്, പാസ്ബുക്ക് എന്നിവയുടെ നീക്കിയിരിപ് 0 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/തീ.21.01.2026) MGNREGS സ്റ്റേഷനറി വാങ്ങുന്നതിന് 31.03.2025 തീയതിയിലെ വൗച്ചർ നം. 22400742 പ്രകാരം 2203 രൂപയുടെ ചെക്ക് ഹരിശ്രീ ട്രെഡേഴ്സിന് നൽകിയെങ്കിലും 31.03.2025 ന് ശേഷമാണ് ചെക്ക് മാറിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമായത്. മറുപടി തൃപ്തികരമല്ല. ടി ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 2,203/- രൂപ എന്നിരിക്കെ ILGMS റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്ബുക്ക് നീക്കിയിരിപ്പ് 0 എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-9 ദുരിതാശ്വാസനിധി സംബന്ധിച്ച ബാലൻസ് ഷീറ്റ് – ബാങ്ക് അക്കൗണ്ട് പൊരുത്തക്കേട്

വക്കം ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂൾ പ്രകാരം Distress Relief Fund ഇനത്തിൽ 62,995/- രൂപയുള്ളതായി കാണുന്നു. എന്നാൽ ദുരിതാശ്വാസനിധിക്കായി രൂപീകരിച്ച ബാങ്ക് അക്കൗണ്ടിലെ (DCB Distress Relief Co-Operative Society) നീക്കിയിരിപ്പ് 1,657/- രൂപ മാത്രമാണ്. വ്യത്യാസം വന്നതിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/23.01.2026) മറുപടി ലഭ്യമായില്ല.

1-1-10 ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയ ചെക്ക് ചെലവുകളും ബാങ്ക് സ്റ്റേറ്റ്മെന്റിലെ പിൻവലിക്കൽ തുകയും തമ്മിൽ പൊരുത്തക്കേട്

പഞ്ചായത്തിന്റെ ബിൽബുക്ക്/ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില ചെക്കുകൾ മുഖേന നടത്തിയ ചെലവ് തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് (കാനറ ബാങ്ക് - 110127792607) പ്രകാരം ടി ചെക്കുകൾ മുഖേനയുള്ള പിൻവലിക്കലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതിന്റെ വിശദാംശവും ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 13/21.01.2026) മറുപടിയും ഓഡിറ്റ് നിർദ്ദേശവും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെക്ക് നമ്പർ	ബാങ്ക്ബുക്കിലെ /ബിൽ ബുക്കിലെ തുക (₹)	ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുക (₹)	വ്യത്യാസം (₹)	പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി	ഓഡിറ്റ് നിർദ്ദേശം

1	173430/02.12.2024	3,92,871	3,92,621	250	തുക തനത് ഫണ്ടിലേക്ക് Return ആയിട്ടുണ്ട്	Return ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
2	229332/02.05.2024	8,54,839	7,84,769	70,070	സെക്രട്ടറിയുടെ ശമ്പള തുകയാണിത്. സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലായെങ്കിൽ ക്രെഡിക്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്	തുടർ വിവരം അറിയിക്കേണ്ടതാണ്
3	229344/03.06.2024	8,51,610	7,81,540	70,070	സെക്രട്ടറിയുടെ ശമ്പള തുകയാണിത്. അന്നേ ദിവസം രണ്ടു എൻട്രിയായിട്ടാണ് പോയിട്ടുള്ളത്. (7,81,540+70,070)	70,070/- രൂപ രണ്ട് എൻട്രിയായി പോയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-1-11 KURDFC ലോണുമായി ബന്ധപ്പെട്ട മുൻവർഷ നീക്കിയിരിപ്പ്, തൻവർഷ വരവ്, തിരിച്ചടവ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

മുൻവർഷ എ.എഫ്.എസ്. B-5 Schedule പ്രകാരം Loan From KURDFC ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക, തൻ വർഷ വരവ്, സുലേഖ പത്രിക പ്രകാരമുള്ള തിരിച്ചടവ് എന്നിവ തൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

2023-24 ബാലൻസ് ഷീറ്റ് B-5 പ്രകാരമുള്ള നീക്കിയിരിപ്പ് (I)	തൻവർഷ വരവ് (RP 31) (II)	സുലേഖ പത്രിക പ്രകാരമുള്ള ലോൺ തിരിച്ചടവ് (III)	നീക്കിയിരിപ്പ് (I+II-III)	2024-25 ബാലൻസ് ഷീറ്റ് B-5 പ്രകാരമുള്ള നീക്കിയിരിപ്പ്	വ്യത്യാസം
₹55,34,139	₹3,00,000	₹6,43,174	₹51,90,965	₹46,90,965	₹5,00,000

5,00,000/- രൂപയുടെ വ്യത്യാസം വന്നതിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വഷണത്തിന് (13/21.01.2026) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതമായി ലഭിച്ച 5,00,000/- രൂപ തെറ്റായി വായ്പ തുകയായി ഉൾപ്പെടുത്തിയിരുന്നതിനാൽ പ്രസ്തുത അപാകത ജേണൽ മുഖാന്തിരം ശരിയായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമായത്. മറുപടി പ്രകാരം ലഭ്യമായ 2024-25 ധനകാര്യ വർഷത്തെ ആകെ ലോൺ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
ലൈഫ് ഭവന നിർമാണം	ജി.ഒ. (എം.എസ്) 68/18 തീയതി 15.05.2018	₹50,34,139/- (55,34,139-5,00,000)	₹3,00,000/-	₹6,43,174/-	₹46,90,965/-

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	12.02.2024	17.02.2025

ഭരണസമിതി തീരുമാനം	1/1	21/1
മുന്നിരിപ്പ്	7,95,265/- രൂപ	2,03,588/- രൂപ
പ്രതീക്ഷിത വരവ്	26,67,89,070/- രൂപ	12,21,38,707/- രൂപ
ആകെ	26,75,84,335/- രൂപ	12,23,42,295/- രൂപ
പ്രതീക്ഷിത ചെലവ്	26,66,98,160/- രൂപ	12,15,22,295/- രൂപ
നീക്കിയിരിപ്പ്	8,86,175/- രൂപ	8,20,000/- രൂപ

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	1,04,15,676/- രൂപ
വരവ്	3,01,44,235/- രൂപ
ആകെ	4,05,59,911/- രൂപ
ചെലവ്	2,38,71,561/- രൂപ
നീക്കിയിരിപ്പ്	1,66,88,350/- രൂപ

1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളുടെ ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ACR ലും വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ

ഫണ്ടിനം	ചെലവ് (രൂ.)		
	ACR	Grant Statement/ Sulekha	വ്യത്യാസം
വികസന ഫണ്ട് ജനറൽ	1,13,89,352	1,27,45,959	13,56,607
വികസന ഫണ്ട് SCP	53,17,312	53,58,319	41,007

2) ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ വിവിധ ഫണ്ട് ഇനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	44,20,905	38,20,806	86.42
സേവനം	പൊതുവിഭാഗം	3,75,28,712	1,48,31,579	39.52
	പട്ടിക ജാതി	1,08,28,533	43,12,354	39.82
പശ്ചാത്തലം	പൊതുവിഭാഗം	87,11,566	61,98,380	71.15
	പട്ടിക ജാതി	17,77,916	11,98,927	67.43

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിഭാഗങ്ങൾക്ക് കുറച്ച് തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിഭാഗം	അടങ്കൽ തുക (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം(%)
വനിത ഘടക പദ്ധതി	17,18,805	11,55,613	67.2
വൃദ്ധർ	8,48,429	6,12,721	72.21

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2024-25 വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്.

ചെലവഴിക്കാത്ത തുകകൾ തിരിച്ചടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക (രൂ.)
320100197	Literacy Scheme Grant	47,638
320100198	Grant From Suchitwa Mission	1,42,764
320700102	Contributions For Joint Venture Projects (For Capital Expenditure) - From Muncipal Corporation	10,459
320700204	Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayaths	4,19,334
320700205	Contributions For Joint Venture Projects (For Revenue Expenditure) -From District Panchayaths	3,620

മേൽ സൂചിപ്പിച്ച അപാകങ്ങൾക്കുള്ള കാരണം ആവശ്യപ്പട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (14/21.01.2026) മറുപടി ലഭ്യമായില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസന ഫണ്ട് (ജനറൽ)	0	1,14,00,633	1,14,00,633	1,27,45,959	-13,45,326
വികസനഫണ്ട് (എസ്.സി.പി)	0	54,25,993	54,25,993	53,58,319	67,674
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	45,31,964	45,31,964	18,19,460	27,12,504
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	26,01,631	26,01,631	18,20,212	7,81,419
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	52,92,000	52,92,000	52,90,655	1,345
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	53,93,000	53,93,000	39,91,109	14,01,891
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	4,84,163	-4,84,163
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	2,00,000	-2,00,000

* വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (₹) (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ് (₹) (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
കൃഷി ഓഫീസർ	15	13	2	15,46,400	12,10,389	78.27
വെറ്റിനറി സർജൻ	14	14	0	13,66,873	13,64,135	99.79
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	12	10	2	37,03,601	21,85,074	58.99
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	0	3,05,000	3,05,000	100
മെഡിക്കൽ ഓഫീസർ (ആയുർവേദം)	2	2	0	7,05,000	7,05,000	100

ഐസിഡിഎസ് സൂപ്പർവൈസർ	20	17	03	32,69,309	26,28,559	80.40
സെക്രട്ടറി	34	28	06	52,72,225	42,52,316	80.65
അസിസ്റ്റന്റ് എഞ്ചിനീയർ	48	33	15	2,06,41,687	1,09,33,970	52.97
എച്ച്.എം.	11	09	2	15,95,600	8,82,837	55.32
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	21	15	6	2,04,06,440	54,86,750	26.88
ഡെയറി എക്സറ്റൻഷൻ ഓഫീസർ	06	06	0	8,39,990	8,39,990	100
അസിസ്റ്റന്റ് സെക്രട്ടറി	17	13	04	57,06,245	33,83,817	59.30
ആകെ	202	162	40	6,53,58,370	3,41,77,837	52.29

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (₹)	ചെലവ് തുക (₹)	ശതമാനം
പൊതുവിഭാഗം (ജനറൽ)	1,58,46,809	1,27,45,959	80.43
എസ്.സി.പി.	65,79,494	53,58,319	81,43
ധനകാര്യ കമ്മിഷൻ അവാർഡ്	68,33,093	36,39,672	53.26
കേന്ദ്രാവിഷ്കൃത ഫണ്ട്	28,02,822	4,84,163	17.27
സംസ്ഥാനാവിഷ്കൃത ഫണ്ട്	58,50,000	2,00,000	3.41
തനത് ഫണ്ട്	12,54,370	4,79,819	38.25
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	42,74,901	11,86,384	27.75
മറ്റ് ജില്ലാ പഞ്ചായത്ത്	42,01,175	3,41,847	8.13
മെയിന്റനൻസ് റോഡ്	63,11,861	39,91,109	63.23
മെയിന്റനൻസ് നോൺ റോഡ്	60,94,213	52,90,655	86.81
മറ്റുള്ളവ	1,65,05,129	10,08,542	6.11

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടില്ല. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പദ്ധതികളുടെ ഫയലിൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടർ ചെയ്തതതായി കാണുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അവയുടെ തീവ്രത അനുസരിച്ച് ലഘു, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ അവസ്ഥാവിശകലനം നിർണ്ണയിച്ചിട്ടുണ്ട്. അതിനാൽ ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി നിരീക്ഷിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കും പ്രകാരം പരിഹാരമാർഗ്ഗം കണ്ടെത്തി പ്രശ്ന തീവ്രത ലഘൂകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമസഭ

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ പരിശോധനയിൽ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ടുകളുടെ മുൻഗണന

നിശ്ചയിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാനാവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ മുൻഗണന നിശ്ചയിച്ച് അത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 ക്ഷേമ പെൻഷൻ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	47,400	ലഭ്യമല്ല
വിധവ പെൻഷൻ	1,33,27,800	ലഭ്യമല്ല
വാർദ്ധക്യകാലപെൻഷൻ	2,66,45,500	ലഭ്യമല്ല
വികലാംഗപെൻഷൻ	37,80,000	ലഭ്യമല്ല
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,95,600	ലഭ്യമല്ല

1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2026 തീയതിയിൽ 11.30AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,279/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ്യൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ സൂക്ഷിക്കേണ്ടതാണ്. സ്യൂട്ട് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.

ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ നിലവിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.
വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണം, മോണിറ്ററിംഗ് സമിതികൾ കാര്യക്ഷമമായി പരിശോധിക്കുന്നില്ല.
ഐ.സി.ഡി.എസ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളിൽ പദ്ധതി തുക വകമാറ്റി ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ട്.
നികുതി/നികുതിയേതര വരുമാനം കൃത്യമായി പിരിച്ചെടുക്കേണ്ടതാണ്.
ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതാണ്.

1-9-1 വ്യക്തിഗത ഗുണഭോക്താക്കൾ - ആനുകൂല്യം നൽകുന്നത് സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് 8.12.2022 ലെ NREGA/41/2022-B1 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു

1. പ്രസ്തുത സർക്കുലർ പ്രകാരം വ്യക്തിഗത ആനുകൂല്യത്തിന് അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും വിളിച്ചു ചേർത്ത് ഗ്രാമപഞ്ചായത്തു തലത്തിൽ ഗുണഭോക്തൃസംഗമം സംഘടിപ്പിക്കേണ്ടതുണ്ടെന്നും പ്രസ്തുത ഗുണഭോക്തൃസംഗമത്തിൽ വച്ച് തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചും വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിൽ ഗുണഭോക്താക്കൾ സ്വീകരിക്കേണ്ട

നടപടികളെ സംബന്ധിച്ചും ബില്ലുകൾ ഹാജരാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും വിശദീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2. വ്യക്തിഗത ആസ്തി നിർമ്മാണം സംബന്ധിച്ച ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായി തയ്യാറാക്കണമെന്നും ആയതിന്റെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

3. ഓരോ പ്രവൃത്തിയുടേയും ആരംഭത്തിന് മുൻപായി ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ നിശ്ചിത മാതൃകയിൽനൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

4. ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമാണോ നിർവ്വഹണം നടത്തുന്നതെന്ന് സംബന്ധിച്ചും ഉപയോഗിക്കുന്ന സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടത് ആണോയെന്നും ഉറപ്പു വരുത്തി നിർദ്ദേശങ്ങൾ നൽക

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകൃയറി നം-42/24-1-26) ന് മറുപടി ലഭ്യമാക്കിയില്ല. നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-2 സർക്കുലറിലെ നിർദ്ദേശങ്ങൾ - നിർമ്മാണ പ്രവർത്തികളിൽ വിദഗ്ദ/അർദ്ധ വിദഗ്ദ തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

മിഷൻ ഡയറക്ടറുടെ 25-4-2022 ലെ 6873/B1/21/REGS സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതികളിൽ ഏറ്റെടുക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിദഗ്ദ /അർദ്ധ വിദഗ്ദ തൊഴിലാളികളെ നിയോഗിക്കുമ്പോൾ പാലിക്കേണ്ടമാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരമുള്ള താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. തൊഴിലുറപ്പ് പദ്ധതികളിൽ വിദഗ്ദ / അർദ്ധ വിദഗ്ദ തൊഴിലാളയായി ജോലി ചെയ്യാൻ സന്നദ്ധതയുള്ള തൊഴിലാളിയെ അവർ സ്ഥിര താമസമുള്ള ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വിദഗ്ദ / അർദ്ധ വിദഗ്ദ തൊഴിലാളിയായി സ്ഥിരതാമസം തെളിയിക്കുന്ന രേഖയുടെയോ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ / ജനപ്രതിനിധിയുടെയോ സാക്ഷ്യപത്രത്തിന്റെയോ അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്യേണ്ടതും സെക്രട്ടറി ഒരു ID കാർഡ് ൽകേണ്ടതുമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നവർ വൈദഗ്ദ്യം അവകാശപ്പെടുന്ന മേഘലയിൽ ഏതെങ്കിലും കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഉള്ളവർ അല്ലെങ്കിൽ ബന്ധപ്പെട്ട മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനം നൽകുന്ന പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് ഉള്ളവർ ആയിരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് ഗ്രാമ പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർ പരിശോധിച്ച് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ / അർദ്ധ വിദഗ്ദ തൊഴിലാളിയായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത പക്ഷം ബന്ധപ്പെട്ട മേഖലയിൽ മതിയായ വൈദഗ്ദ്യം ഉള്ള വ്യക്തികളാണെന്നു പരിശോധിച്ച് ഉറപ്പുവരുത്തി അവരുടെ വൈദഗ്ദ്യത്തിന്റെ തോതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമെ വിദഗ്ദ /അർദ്ധ വിദഗ്ദ തൊഴിലാളിയായി രജിസ്റ്റർ ചെയ്യാൻ പാടുള്ളു.

3. വിദഗ്ദ /അർദ്ധ വിദഗ്ദ തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കേണ്ടതുണ്ട്.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകൃയറി നം-43/24-1-26) ന് മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ നിർദ്ദേശങ്ങൾ പാലിച്ചുമാത്രം പ്രവൃത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9-3 വ്യക്തിഗത ആസ്തി നിർമ്മാണം - അപാകം

പ്രവൃത്തിയുടെ കോഡ് - IF NO-1093312

ഗുണഭോക്താവിന്റെ പേര് - അശ്വതി ലാൽ

അശ്വതി ലാൽ എന്ന ഗുണഭോക്താവിന്റെ കോഴിക്കൂടു നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകം കണ്ടു.

1. M-BOOK NO-81/24-25 (WARD-6) പേജ് 18 പ്രകാരം പ്രവൃത്തി, അക്രഡിറ്റഡ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 26-11-24 തിയ്യതിയിലാണ്. എന്നാൽ പ്രവൃത്തിയിലെ സ്കിൽഡ് സെമി സ്കിൽഡ് പ്രവൃത്തി ചെയ്ത സജു. എസ് എന്ന വ്യക്തിയുടെ മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി ചെയ്ത തിയ്യതി 17-2-25 TO 18-2-25, 24-2-25 To 27-2-25 (മസ്റ്റർ റോൾ നം-25895) ആണ്. 17-2-25 മുതൽ 27-2-25 വരെ നിർവ്വഹിച്ച പ്രവൃത്തിയിൽ എപ്രകാരമാണ് 26-11-24 ന് ചെക്ക് മെഷർ ചെയ്തതെന്ന് വ്യക്തമല്ല.

2. എഫ്.റ്റി.ഒ റിപ്പോർട്ട് പരിശോധിച്ചതിൽ സജു എന്ന വ്യക്തിക്ക് 17-2-25 മുതൽ 18-2-25 വരെ രണ്ടു ദിവസം

1,211/- രൂപ നിരക്കിൽ 2,422/- രൂപയും വീണ്ടും അതേ തിയ്യതികളിൽ 887/- രൂപ വച്ച് രണ്ടു ദിവസത്തേക്ക് 1,744/- രൂപയും നൽകിയിട്ടുണ്ട്. ഒരേ തിയ്യതികളിൽ ഒരേ വ്യക്തിക്ക് രണ്ടു നിരക്കിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല .ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറി നം. 46/24-1-26 ന് മറുപടി ലഭ്യമാക്കിയില്ല.അപാകത്തിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
ഭരണചെലവുകൾ	511	15,08,989	15,09,500	15,09,500	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	3,35,47,374	3,35,47,374	3,35,47,374	0
ആകെ	511	3,50,56,363	3,50,56,874	3,50,56,874	0

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.02.2013	2007-08 മുതൽ 2011-12 വരെ	09.04.2013
അക്കൗണ്ടന്റ് ജനറൽ (A) (സപ്ലിമെന്ററി)	05.03.2024 മുതൽ 06.03.2024 വരെ	2022-23	24.04.2024

1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം

2023 മാർച്ച് 31 വരെ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 50/- രൂപയും 100ച.മീറ്റർ വരെയുള്ളവയ്ക്ക് 45 രൂപയും ആയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023 മാർച്ച് 31 ന് മുമ്പ് നികുതി നിർണയിച്ച 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടത്തെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 45/- രൂപ കണക്കാക്കിയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.

കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം
11/434/C	ശ്രീകുമാർ എസ്, എസ്.എൽ. പ്ലാസ, വക്കം	ഷോപ്പുകൾ	155.1 M^2

ഇതിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/21.01.2026) ടി കെട്ടിട വിവരം പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി വാണിജ്യാവശ്യത്തിനുള്ള 100ച.മി വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഷോപ്പുകൾ രേഖപ്പെടുത്തിയിട്ടുള്ളതായി ബോധ്യപ്പെടുകയും K-SMART – ൽ തിരുത്തൽ വരുത്തി ഡിമാന്റ് ജനറേറ്റ് ചെയ്ത് തുക ഈടാക്കുമെന്ന മറുപടിയാണ് ലഭ്യമായത്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും പ്രസ്തുത ആക്ടിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ഉടമയുടെ വിവരം	വിസ്തീർണ്ണം (M^2)

1	3/32	കാർത്തികേയൻ, തോപ്പിൽ വീട്, ആനത്തലവട്ടം, കടയ്ക്കാവൂർ	87
2	3/42	കാർത്തികേയൻ, തോപ്പിൽ വീട്, ആനത്തലവട്ടം, കടയ്ക്കാവൂർ	201.5
3	7/300	മൈമുനത്ത് ബീവി, നസീർ മൻസിൽ, വക്കം	94.39
4	7/454	ദാസ്. ഡി.എസ്, തൊടിയിൽ വീട്, വക്കം	65.4
5	7/128	സാബു, സൽമാൻ മൻസിൽ, വക്കം	64.78
6	9/177	പ്രിയങ്ക, പാലവിള വീട്	73
7	11/104	വിശ്വനാഥൻ ആചാരി, അടീക്കൽ വീട്, വക്കം,	86
8	11/319	ബിനു, പാലയ്ക്കൽവിളാകം	84
9	11/212	സന്ധ്യ എസ്, കെങ്കച്ചി വീട്, വക്കം	81
10	11/195	സുധ, വെളിയിൽ വീട്	64
11	11/210	യശോദ, തെക്കേപാട്ടത്തിൽ	64
12	12/500	ദേവകി, തൈവിളാകം	67
13	12/252	പ്രശാന്ത്, കാപ്പുരുവിളാകം	62
14	13/69	എസ് ദിവാകരൻ, വയലിൽവീട്	68.17
15	14/197	ലക്ഷ്മി, കൊച്ചുമണക്കാട്	68

ഇതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/21.01.2026) പഞ്ചായത്തിൽ 60 ച.മീ-ൽ കൂടുതൽ വിസ്തീർണം പഞ്ചായത്ത് രേഖകളിൽ കാണിക്കുകയും എന്നാൽ ടാക്സ് എ ആർ വി പ്രകാരം വസ്തു നികുതി 0 എന്നും കാണിക്കുകയും ചെയ്യുന്നുണ്ട് അതിനാൽ ടി കെട്ടിടങ്ങളെ കണ്ടെത്തി അളന്നു നികുതി പുനർ നിർണയം നടത്തുന്നതിനും നികുതി ചുമത്തുന്നതിനും എന്യൂമറേറ്ററുകളെ നിയോഗിച്ചു വീടുകൾ അളന്നു വിവരശേഖരണം നടത്തിയെങ്കിലും ടി എന്യൂമറേറ്റർമാക്ക് സഞ്ചയയിൽ ലോഗിൻ അനുവദിക്കാത്തത് കാരണവും തുടർ നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നു ലഭിക്കാത്തതു മൂലവും നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല എന്ന മറുപടിയാണ് ലഭ്യമായത്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ഇത്തരത്തിൽ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരം പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-13 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ

ക്രമ നമ്പർ	വാർഡ്/കെട്ടിട.നം	പേര് /വിലാസം
1	13/445 13/444	വേലായുധൻ, പുതുവീട്ടിൽ തൊടി, വക്കം, വക്കം പി.ഒ,
2	13/442 13/443	സുകുമാരൻ, വേലിയത്ത് തൊടി
3	12/171 12/269	ഗോപിനാഥൻ, വലിയവിള, വക്കം
4	11/257 11/256	ജലജ, കാരാമ്മൽ, വക്കം
5	10/160 10/161	ചെല്ലപ്പൻ ചെട്ടിയാർ, താഴെവിള തെക്കും മുറി, വക്കം,
6	10/184 10/185	ശാരദ, തിട്ടയിൽകുളം, വക്കം,
7	9/458 9/428	ശാന്ത, ചരുവിള, വക്കം

8	8/168	കമലമ്മ, പുത്തൻവിള
	8/169	
	8/170	
9	5/29	ഭാരതി, മോണ്ടിക്കവിളാകം
	5/30	

വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/22.01.2026) സ്ഥല പരിശോധനയിൽ ചിലതിൽ രണ്ട് കെട്ടിട നമ്പർ നിലവിൽ ഇല്ലാത്തതും ഉള്ളവയിൽ രണ്ടും പാർപ്പിടാവശ്യം അല്ലാത്തതും ചിലതിൽ ഒറ്റ കെട്ടിടത്തിന് രണ്ട് ഭാഗമായി നമ്പർ അനുവദിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമായത്. കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

1-14 തൊഴിൽ നികുതി - വിവിധ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല

I) ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	ഹോട്ടൽ പലാസോ	I
2	ജെ.പി.ആർ ഫ്യൂലസ്	II

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/22.01.2026) നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായി. തുക പിഴപലിശ ഉൾപ്പെടെ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

Ii) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/22.01.2026) റേഷൻ കടകളിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായി. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം

1) 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

L No	Code	Head	Amount (₹)
1	431100101	Receivables For Property Tax On Residential Buildings (Current)	1,20,398
2	431100102	Receivables For Property Tax On Residential Buildings (Arrears)	25,137
3	431100103	Receivables For Property Tax On Non-Residential Buildings (Current)	1,91,848
4	431100104	Receivables For Property Tax On Non-Residential Buildings (Arrears)	3,92,286
5	431400101	Rent Receivables From Buildings (Current)	8,505
6	431400102	Rent Receivables From Buildings (Arrears)	94,325
7	431400106	Rent Receivables Towards Market Receipts (Arrears)	7,26,000

2) സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 117 /2022 /LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം കുടിശ്ശിക രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശവും കുടിശ്ശിക രജിസ്റ്റർ പരിപാലിക്കാത്തതിന്റെയും കാരണവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/21.01.2026) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിനനുസൃതമായി രജിസ്റ്റർ പരിപാലിക്കേണ്ടതും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-16 FTE&OS ലൈസൻസ് നൽകുന്നതിലെ അപാകങ്ങൾ

ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 വർഷത്തിൽ 195 സ്ഥാപനങ്ങൾ ആണ് ലൈസൻസ് എടുത്തിരിക്കുന്നത്. 2024-25 വർഷത്തിൽ ലൈസൻസ് എടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 142 മാത്രമാണ്. 2023-24ന്റെ തുടർ സാമ്പത്തിക വർഷത്തിൽ 53 സ്ഥാപനങ്ങളുടെ കുറവ് വന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്.

ഉദാഹരണമായി, താഴെ പറയുന്ന വ്യക്തികളുടെ പേരിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

സ്ഥാപന ഉടമ	വാർഡ് നം & സ്ഥാപനം	2023-24ൽ ഒടുക്കിയ ഫീ (₹)
Nizar Kochuthayil	201/IV, Hotel	2,000/-
P Vairavan Ratna Bhavan	14/VII, Gold And Silver Ornaments	2,500/-
Santhakumar.S Manjima	381A/VI, Supermarket	2,000/-
Sathya Babu, K.S Villa	394B/6, Bakery And Juice	1,700/-
V Rajendran, R S Nivas	26/4, Sadyalayam	2,500/-
G B Geetha	9/348, Sawmill	7,500/-
M Abdul Rahim	4/124-128, Sawmill	7,900/-
Dr.Joymol Moni	11/71, Ayurveda And Pachakarma Treatment	2,700/-
Anitha Devi	394C, D/6, Textiles	2,000/-

ലൈസൻസ് ഇല്ലാതെയാണോ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നും വ്യക്തമല്ല. 2024-25 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൗയറി നമ്പർ 7/21.01.2026നു മറുപടി ലഭ്യമായിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233 വകുപ്പുകൾ പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ എല്ലാ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനും ആയത് വർഷാവർഷം പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1), 233 (എ)) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

തനതുവരുമാനത്തിന്റെ സ്രോതസ്സെന്ന നിലയിൽ ലൈസൻസിനത്തിൽ ലഭ്യമാകേണ്ട തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-17 രസീത് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ

രസീത് പരിപാലനത്തിൽ ഈ അപാകങ്ങൾ കാണുന്നു.

1. രസീത് ബുക്കിൽ തീയതി രേഖപ്പെടുത്തുന്നില്ല

നികുതി പിരിവിനായി ഉപയോഗിക്കുന്ന ചുവടെ പറയുന്ന രസീത് ബുക്കുകളിൽ തീയതി രേഖപ്പെടുത്താതെ ആണ് രസീത് കൊടുത്തിരിക്കുന്നത്.

രസീത് ബുക്ക് നമ്പർ	ഇഷ്യൂ ചെയ്ത വ്യക്തിയുടെ പേര്	രസീത് നമ്പർ
381	Sanal Babu	29 മുതൽ 39 വരെ
21273	Shajina	1 മുതൽ 9, 11, 48,49
21274	Bindu B R	1,2,3

തീയതി രേഖപ്പെടുത്താതിനാൽ തുക ഡേ ബുക്കിലേക്കും ബാങ്ക് സ്റ്റേറ്റ്മെന്റിലേക്കും കളക്ഷൻ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല

ചുവടെ പറയുന്ന രസീത് ബുക്കുകളിൽ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല

രസീത് ബുക്ക് നമ്പർ	ഇഷ്യൂ ചെയ്ത വ്യക്തിയുടെ പേര്	രസീത് നമ്പർ
384	Emmanuel Pereira	33 മുതൽ 100 വരെ
388	VEO Vakkom	84 100 വരെ
389	Shajima	31 മുതൽ 100 വരെ
396	Agriculture Officer	66 മുതൽ 100 വരെ

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 25/22.01.2026നു മറുപടി ലഭ്യമായിട്ടില്ല.

സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്. രസീത് പരിപാലനത്തിൽ കൂടുതൽ ജാഗ്രത വരും വർഷങ്ങളിൽ പുലർത്തേണ്ടതാണ്.

1-18 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം ജനറൽ (SO)എന്ന പദ്ധതിയിലെ അപാകങ്ങൾ - 1,65,789/- രൂപ തടസം ചെയ്യുന്നു

പദ്ധതിയുടെ പേര്	കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം ജനറൽ (SO)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ
പ്രോജക്ട് നമ്പർ	129
അടങ്കൽ	വികസന ഫണ്ട് പൊതുവിഭാഗം ₹1,65,789/- മറ്റുള്ളവ ₹1,94,571/-
ചെലവ്	വികസന ഫണ്ട് പൊതുവിഭാഗം: Bill No. 44/ 09-05-2024 – ₹48,178/- Bill No. 183/ 19-12-2024 – ₹1,17,611/- ആകെ – ₹1,65,789/-

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം ജനറൽ (SO) എന്ന ഈ പദ്ധതി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകരായ ഗുണഭോക്താക്കൾക്ക് ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള സബ്സിഡി തുക നല്കുന്നതിനായി തയ്യാറാക്കിയതാണ്. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 (സബ്സിഡി മാർഗ്ഗ രേഖ) ഖ.6.3.16 പ്രകാരം കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിതീറ്റ വരെ നൽകാവുന്നതാണ്. ആയതിന്റെ 50% തുകയാണ് സബ്സിഡിയായി നൽകാവുന്നത്. ഗ്രാമസഭ മുൻകൂർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആണ് സബ്സിഡി അനുവദിക്കേണ്ടത്. ടി പദ്ധതിയിൽ ചുവടെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്

2) 35 ഗുണഭോക്താക്കൾക്ക് സബ്സിഡി കൊടുത്തിട്ടുണ്ട്. 8 പേരുടെ അപേക്ഷ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളു. അപേക്ഷ ലഭ്യമായവരുടെ വിശദാംശം ചുവടെ

ഗുണഭോക്താവിന്റെ പേര്
ഉഷ
മുഹമ്മദ് അസ്ലം
റീജ എ
ഷൈല
രശ്മി എസ്
ഗീത
ഷൈല സുരേഷ്

ആനുകൂല്യങ്ങൾ ലഭിച്ച മറ്റു ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

3. ചുവടെ പറയുന്ന വ്യക്തികളുടെ അപേക്ഷകൾ ഫയലിൽ ഉണ്ട്. എന്നാൽ ഇവർക്ക് സബ്സിഡി കൊടുത്തതായി കാണുന്നില്ല. ഇവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.

പേര്
ഓമന
വിജയകുമാർ വി
അനിത

സുചീന്ദ്രൻ നായർ

4. ലില്ലി എന്ന ഗുണഭോക്താവ് SCസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഈ വ്യക്തിയുടെ രേഖകളും കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം (SC) എന്ന പ്രോജക്ടിന്റെ (പ്രൊജക്റ്റ്-150) ഫയലിൽ ആണ് ഉള്ളത്. SC ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി, ജനറൽ നിരക്കിൽ ആണ് കൊടുത്തിരിക്കുന്നത്. SC ഗുണഭോക്താവായ ലില്ലി എന്ന വ്യക്തിക്ക് പരമാവധി 75% സബ്സിഡിക്ക് അർഹതയുണ്ടെന്നിരിക്കേ ആയതിൽ ഉൾപ്പെടുത്താതെ 50% സബ്സിഡി നൽകുന്ന പദ്ധതിയിൽ ഉൾപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 45/24.01.2026നു മറുപടി ലഭ്യമായിട്ടില്ല. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ അർഹരായവർക്കാണോ സബ്സിഡി ലഭിച്ചത് എന്ന് വ്യക്തമല്ല. മേൽ പ്രതിപാദിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടാതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ആയ 1,65,789/- രൂപ തടസം ചെയ്യുന്നു.

1-19 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം SC (SO)എന്ന പദ്ധതിയിലെ അപാകങ്ങൾ - 19,125/- രൂപ തടസം ചെയ്യുന്നു.

പദ്ധതിയുടെ പേര്	കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം SC (SO)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ
പ്രോജക്ട് നമ്പർ	150
അടങ്കൽ	വികസന ഫണ്ട് SCP ₹19,125/- മറ്റുള്ളവ ₹8,595/-
ചെലവ്	വികസന ഫണ്ട് SCP: Bill No. 58/09-05-2024- ₹4,250/- Bill No. 159/09-05-2024- ₹14,875/- ആകെ ₹19,125/-

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം SC (SO) എന്ന പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) വിമല ജി. എന്ന വ്യക്തിയുടെ അപേക്ഷ ഫയലിൽ ഉണ്ട്. ഇവർക്ക് സബ്സിഡി കൊടുത്തതായി കാണുന്നില്ല. ഇവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടതാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 47/24.01.2026നു മറുപടി ലഭ്യമായിട്ടില്ല.
സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 (സബ്സിഡി മാർഗ്ഗ രേഖ) ഖ.6.3.16 പ്രകാരം കറവയുള്ള ഒരു പശുവിന് ഒരുമാസം പരമാവധി 100 കിലോ കാലി തീറ്റ വരെ നൽകാവുന്നതാണ്. പട്ടിക ജാതി വിഭാഗത്തിനു 75% (പരമാവധി 15,000/- രൂപ) ആണ് സബ്സിഡി ആയി നല്കാവുന്നത്. ഗ്രാമസഭ മുൻകൂർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആണ് സബ്സിഡി അനുവദിക്കേണ്ടത്. ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ അർഹരായവർക്കാണോ സബ്സിഡി ലഭിച്ചത് എന്ന് വ്യക്തമല്ല. മേൽ പ്രതിപാദിച്ച രേഖകൾ ഉടൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടാതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ആയ 19,125/- രൂപ തടസം ചെയ്യുന്നു.

1-20 പാഥേയം പദ്ധതി, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തുക 13,776/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	പാഥേയം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ	56/25
അടങ്കൽ	₹54,000/- വികസനഫണ്ട് – ₹21,600/- ജില്ലാ പഞ്ചായത്ത്- ₹32,400/-
ചെലവ്	₹13,776/-
ബിൽ നം.	401/15.3.25

ആലംബഹീനരായ വയോജനങ്ങൾക്ക് ഒരുനേരത്തെ പാകം ചെയ്ത ഭക്ഷണം കുടുംബശ്രീ മുഖാന്തിരം

ലഭ്യമാക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 7 അംഗങ്ങളാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഒരു ദിവസം 40/- രൂപ നിരക്കിൽ പ്രസ്തുത ഗുണഭോക്താക്കളുടെ 40% തുക ഗ്രാമപഞ്ചായത്തും 60% തുക ജില്ലാ പഞ്ചായത്തും നൽകുന്നു. 2024-25 വർഷം പാധേയം പദ്ധതിക്കായി 13,776/- രൂപ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയായ 13,776/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകൃയറി നം. 17/21.1.2026) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 13,776/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ബഡ്സ് സ്കൂളിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ പദ്ധതി - ആദായ നികുതി ഈടാക്കിയിട്ടില്ല

പദ്ധതിയുടെ പേര്	ബഡ്സ് റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ	58/25
അടങ്കൽ	₹11,80,000/-, വികസനഫണ്ട്
ചെലവ്	₹10,78,249/-
വാഹന വാടക ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം (പ്രൊസീഡിംഗ്സ് നം)	75,600/- 442/25.1.25 59,000/- 569/11.3.25 58,800/- 344/16.12.24 7,000/- 312/18.10.24 ആകെ – ₹2,00,400/-

വക്കം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി മേൽ പദ്ധതി പ്രകാരം 10,78,249/- രൂപ ചെലവാക്കിയിട്ടുണ്ട്. അതിൽ ബഡ്സ് സ്കൂളിലേയ്ക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിനായി വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ശ്രീ. സാബു എ.ജെ. എന്നയാൾക്ക് വാഹന വാടകയിനത്തിൽ 2024-25 വർഷം 2,00,400/-രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ അല്ലെങ്കിൽ ഒരു പ്രാവശ്യം മുപ്പതിനായിരം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല. ആദായനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകൃയറി നം. 18/21.1.2026). ആദായനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 കൊന്നക്കൂട്ടം ലക്ഷം വീട് കോളനിയിൽ പൊതു കിണർ നിർമ്മാണം പൂർത്തിയാക്കിയതിൽ കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

പദ്ധതിയുടെ പേര്	കൊന്നക്കൂട്ടം ലക്ഷം വീട് കോളനിയിൽ പൊതു കിണർ നിർമ്മാണവും മറ്റു വികസന പ്രവർത്തികളും (SO)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ	172/25
അടങ്കൽ	₹2,00,000/- ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	₹1,81,346/-
കരാറുകാരൻ	എം.ആർ. ഷാനവാസ്
എം ബുക്ക് നം.	12/23-24, 13/23-24

കൊന്നക്കൂട്ടം ലക്ഷം വീട് കോളനിയിൽ പൊതു കിണർ നിർമ്മാണത്തിനാണ് മേൽ പദ്ധതി രൂപീകരിച്ചത്. 3,64,216/- രൂപയ്ക്ക് 6 മാസ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ശ്രീ. എം.ആർ. ഷാനവാസ് എന്ന കരാറുകാരനുമായി 20.01.2022ൽ കരാറിൽ ഏർപ്പെട്ടു. എന്നാൽ 25.3.2024ന് മാത്രമാണ് കരാറുകാരൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. നിർമ്മാണത്തിൽ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും വിശദീകരണം തേടുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരൻ പ്രവർത്തിയുടെ ഇൻഷുറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസിൽ തീയതിയും രേഖപ്പെടുത്തിയിട്ടില്ല.

GO (P) 13/2012/PWD/01.02.2012 പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. മേൽ പ്രവർത്തിയിൽ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ഇടയ്ക്കിടയ്ക്കുള്ള മഴ കാരണം നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടു പോയതായും കരാറുകാരന്റെ വീഴ്ച്ച അല്ലാത്തതിനാൽ ഫൈൻ ഈടാക്കിയിട്ടില്ല എന്നും എ.ഇ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകൗയറി നം. – 26/23.01.2026). എന്നാൽ കാലാവധി ദീർഘിപ്പിച്ചു നൽകാൻ കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകിയതായോ, അതിൻമേൽ കമ്മിറ്റി തീരുമാനം എടുത്തതായോ കാണുന്നില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

1-23 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ പ്രവർത്തിയ്ക്ക് ഇൻഷുറൻസ് എടുക്കുന്നില്ല

മരാമത്ത് പ്രവർത്തികളുടെ കരാറിൽ ഏർപ്പെടുമ്പോൾ കരാറുകാരൻ പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് തുല്യമായ തുകയ്ക്ക് ഇൻഷുറൻസ് എടുക്കേണ്ടതും ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈനായി ഈടാക്കുന്നതാണെന്ന് കരാറുകാർക്ക് നൽകുന്ന Letter Of Acceptanceൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2024-25 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ ഭൂരിഭാഗം പ്രവർത്തികളിലും കരാറുകാർ ഇൻഷുറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല.

GO(P) No 3/17/PWDdt 09.08.2017 പ്രകാരം നിർമ്മാണ പ്രവർത്തികളിൽ ഓരോ പ്രവർത്തിക്കും ഇൻഷുറൻസ് കവറേജ് ആയി പ്രവർത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്. എന്നാൽ ഫൈൻ ഈടാക്കുന്നതോടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നില്ല. ഫൈൻ ഈടാക്കിയതിനു ശേഷം പ്രവർത്തിക്ക് ഇൻഷുറൻസ് എടുത്തിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഇൻഷുറൻസ് എടുത്തിട്ടില്ലാത്തതും നിലവിൽ പൂർത്തീകരിച്ചതുമായ പ്രവർത്തികളുടെ ഡിഫക്ട് ലൈബലിറ്റി പിരീഡ് കഴിയുന്നതിനുള്ളിൽ ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്കും ഹാനികൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി കരാറുകാരനിൽ നിന്നും നഷ്ടപരിഹാര ബോണ്ട് വാങ്ങേണ്ടതാണ്. നഷ്ടപരിഹാര ബോണ്ട് ലഭ്യമാക്കിയതിനുശേഷം മാത്രമേ മേൽ പ്രവർത്തിയുടെ ബിൽ കരാറുകാരന് അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇൻഷുറൻസ് എടുക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടുണ്ടെന്നും എല്ലാ കരാറുകാരിൽ നിന്നും ഇൻഷുറൻസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകൗയറി നം. 27/23.1.2026) കരാറുകാരിൽ നിന്നും ഇൻഷുറൻസ് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ടേക്ക് എ ബ്രേക്ക് - ഉപയോഗ ശൂന്യം ആയി തുടരുന്നു

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം നിർമ്മാണം പൂർത്തിയാക്കിയ ടേക്ക് എ ബ്രേക്ക് കെട്ടിടം നാളിതുവരെ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ടേക്ക് എ ബ്രേക്ക് ഉപയോഗിക്കാതെ അടഞ്ഞു കിടക്കുകയാണ്. ടേക്ക് എ ബ്രേക്ക് കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്ത് കെട്ടിടം പൊതുജനത്തിന് ഉപകാരപ്രദമായ രീതിയിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകൗയറി നമ്പർ – 21/21.01.2026)

1-25 മഴ വെള്ള സംഭരണി ഒരുക്കൽ പദ്ധതി - എർത്ത് വർക്ക് എക്സകവേഷന് അധിക നിരക്ക് നൽകി - 1,804/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	178/24-25	
പേര്	പൊതു സ്ഥാപനങ്ങളിൽ മഴ വെള്ള സംഭരണി ഒരുക്കൽ	
ഫണ്ട്	അടങ്കൽ (രൂപ)	ചെലവ് (രൂപ)
സ്റ്റേറ്റ് സ്കീം ഫണ്ട്	3,50,000/-	3,20,071/-
നിർവ്വഹണം	അസിസ്റ്റന്റ് എൻജിനീയർ	
കരാറുകാരൻ	ശ്രീ. ബിനീഷ് ചന്ദ്രൻ	

ഇ,എം ബുക്ക് നമ്പർ ബിൽ നമ്പർ	**LSGD/CELSGD/EST/66861/2023_5_1_1** EB/66861/2022 Dt. 03.12.2024
കരാർ തുക	**2,96,548/- രൂപ**

1.5 മീറ്റർ വീതി അധികരിക്കുന്ന എർത്ത് വർക്ക് എക്സ്കവേഷനുകൾ DSR 2.6.1 പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ടി പ്രോജക്ടിൽ 1.5 മീറ്റർ വീതി അധികരിക്കുന്ന എർത്ത് വർക്ക് എക്സ്കവേഷനുകൾ ഉയർന്ന നിരക്കിലുള്ള DSR 2.8.1 പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്. DSR 2.8.1 ന്റെ ഡാറ്റയിൽ എക്സ്കവേഷന്റെ വീതി 1.5 മീറ്ററിൽ അധികരിക്കരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്. DSR 2.6.1 ന്റെ എസ്റ്റിമേറ്റ് നിരക്ക് ₹214.03/Cum ഉം DSR 2.8.1 ന്റെ എസ്റ്റിമേറ്റ് നിരക്ക് 296.98/Cum ഉം ആണ്. ചുവടെ പറയുന്ന പ്രവൃത്തിയിൽ 1.5 മീറ്റർ വീതി അധികരിച്ച എർത്ത് വർക്ക് എക്സ്കവേഷനുകളിൽ DSR 2.6.1-ന് പകരമായി DSR 2.8.1 നിരക്ക് നൽകിയതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

DSR 2.8.1 പ്രകാരമുള്ള എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക്	DSR 2.8.1 പ്രകാരമുള്ള എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്	DSR 2.8.1 പ്രകാരമുള്ള എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തി എം ബുക്ക് ഇനം 1.004 പ്രകാരം നിർവ്വഹിച്ച അളവ്	കരാറുകാരന് അനുവദിച്ച തുക	DSR 2.6.1 പ്രകാരമുള്ള എർത്ത് വർക്ക് എക്സ്കവേഷൻ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക്	കരാറുകാരന് അനുവദനീയമായ തുക	കരാറുകാരന് അധികമായി അനുവദിച്ച തുക
296.98/Cum	296.98/ Cum	18.432 Cum	5,473.9 രൂപ	214.03/Cum	3945/-രൂപ	1,528.9 രൂപ

കരാറുകാരന് അധികമായി അനുവദിച്ച തുക – 1,528.9 രൂപ

ജി.എസ്.ടി ഇനത്തിൽ അധികമായി അനുവദിച്ച തുക (18%) – 275.2 രൂപ

കരാറുകാരന് അധികമായി അനുവദിച്ച ആകെ തുക – 1,804 രൂപ

മഴവെള്ള സംഭരണത്തിനായി ടാങ്ക് നിർമ്മാണത്തിനായി Trench എടുക്കാനുള്ള Excavation Item 2.8.1 ആയതുകൊണ്ടാണ് ഈ ഇനം നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് എ.ഇ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകയറി നം. 32/23.1.2026). ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 വെളിയം വിളാകം പൊതുകുളം - നവീകരണ പ്രവൃത്തികൾ പാഴായി

പദ്ധതിയുടെ പേര്	വെളിയം വിളാകം പൊതുകുളം നവീകരണം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ	169/25
അടങ്കൽ	₹6,01,000/- ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	₹5,44,622/-

വക്കം പഞ്ചായത്തിലെ വെളിയം വിളാകം പൊതുകുളം ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നവീകരിക്കുന്നതിനായാണ് മേൽ പദ്ധതി രൂപീകരിച്ചത്. കുളം വൃത്തിയാക്കി പടവുകൾ, പാർശ്വഭിത്തി എന്നിവ കെട്ടി കുളം ഉപയോഗക്ഷമമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 2024-25 ഓഡിറ്റിന്റെ ഭാഗമായി 23.1.26ന് കുളം സന്ദർശിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും നിലവിൽ കുളം സംരക്ഷണമില്ലാതെ കാടും പടർപ്പും മൂടി അഴുക്കു നിറഞ്ഞ സ്ഥിതിയിൽ കാണപ്പെടുന്നു. 5,44,622/- രൂപ ചെലവാക്കി നവീകരിച്ച കുളം നിലവിൽ നാശത്തിന്റെ വക്കിലാണ്. പദ്ധതി പണം പാഴ്ച്ചെലവായി മാറാതെ വെളിയം വിളാകം കുളം സംരക്ഷിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.




1-27 ഹെൽത്ത് ഗ്രാന്റ് അവലോകനം

GO(Rt)No.2132/2022 LSGD ഉത്തരവു പ്രകാരം 5 സ്കീമുകളിൽ മൂന്നു സ്കീമുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായത്. സ്കീം 1 കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ ഇവയാണ് മൂന്ന് സ്കീമുകൾ. ഹെൽത്ത് ഗ്രാന്റ് തുകകൾ മൂന്ന് അക്കൗണ്ടുകളിലായാണ് വരുന്നത്. 2021-22 മുതൽ സ്കീം 3, സ്കീം 4 എന്നീ ഇനങ്ങളിലാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച ഓഡിറ്റ് എൻകയറി നം.3/19-01-2026-ന് ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021-22	₹2,58,161/-
2022-23	₹40,01,865/-
2023-24	₹46,34,000/-

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ (₹)
2021-22	Nil	0	79,296	79,296
2022-23	Nil	1,78,161	704	1,78,865
2023-24	Nil	1,94,851	2,65,059	4,59,910

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

Scheme 3	Health Grant Diagnostic Infrastructure	₹8,77,689
Scheme 4	Health Grant Conversion To Wellness Centre	₹5,72,814
Scheme 1	Buildingless Subcentres	₹28,85,174

4) നാളിതുവരെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പദ്ധതി നമ്പർ, പദ്ധതിയുടെ പേര്	അനുവദിച്ച തുക (₹)	വിനിയോഗിച്ച തുക (₹)
2022-2023	172-രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തുക	1,78,761	0
	173-കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവത്തനങ്ങൾ നടപ്പിലാക്കുക	80,000	79,296
2023-2024	177- രോഗ നിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തുക	1,78,761	1,78,161
	194- രോഗ നിർണയ സൌകര്യങ്ങൾ	7,30,000	0

	ഏർപ്പെടുത്തുക		
	195- കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവത്തനങ്ങൾ നടപ്പിലാക്കുക	3,18,000	0
	199- കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവത്തനങ്ങൾ നടപ്പിലാക്കുക	704	704
2024-2025	215- കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവത്തനങ്ങൾ നടപ്പിലാക്കുക (Spill Over)	3,18,000	2,65,059
	229- രോഗ നിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തുക	3,05,000	0
	230- കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവത്തനങ്ങൾ നടപ്പിലാക്കുക	5,06,000	0
	214- രോഗ നിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തുക (Spill Over)	7,30,000	1,94,851

മറുപടിയിൽ 2024-25 വർഷത്തെ വരവ് ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വിവരം ചുവടെ ചേർക്കുന്നു.

വർഷം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
2024-25	38,74,094	9,21,493	4,59,910	43,35,677

കൂടാതെ മറുപടി പ്രാകാരം ലഭ്യമാക്കിയ വരവ് ചിലവ് വിവരങ്ങളും അതാത് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അതിനാൽ മറുപടിയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. മറുപടിയിൽ ലഭ്യമാക്കിയ വിവരം പുന:പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 ദുരിതാശ്വാസ നിധി - നീക്കിയിരിപ്പിൽ വ്യത്യാസം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന് അറിയപ്പെടുന്നതുമാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500/- രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്ന തിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.

വക്കം ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂൾ പ്രകാരം Distress Relief Fund ഇനത്തിൽ 62,995/- രൂപയുള്ളതായി കാണുന്നു. എന്നാൽ ദുരിതാശ്വാസനിധിക്കായി രൂപീകരിച്ച ബാങ്ക് അക്കൗണ്ടിലെ (DCB Distress Relief Co -Operative Society) നീക്കിയിരിപ്പ് 1,657/- രൂപ മാത്രമാണ്. വ്യത്യാസം വന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 37/2024-25, 23.01.2026ക്ക് പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതും അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-29 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് - അധികം തുക നൽകിയ 21,348/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്	സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ്
നിർവ്വഹണോദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ	S059/23
അടങ്കൽ	6,60,000/- (3,30,000 വികസന ഫണ്ട് ജനറൽ, 1,65,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1,65,000 ജില്ല പഞ്ചായത്ത് വിഹിതം)
ചെലവ്	5,62,572/- (2,99,424 വികസന ഫണ്ട് ജനറൽ, 1,13,436 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1,49,712 ജില്ല പഞ്ചായത്ത് വിഹിതം)
ബിൽ നമ്പർ/തീയതി/ തുക	1) 195/ 19-12-2024 - 2,26,872/- 2) 375/ 10-03-2025 - 72,552/-

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രസ്തുത കുട്ടികളുടെ പഠനനിലവാരം ഉയർത്തുക, അവരെ സമൂഹത്തിന്റെ മുന്നിലെത്തിക്കുക എന്നിങ്ങനെയാണ് പദ്ധതി ലക്ഷ്യം വച്ചത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.08.2016 ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. ആയത് പ്രകാരമുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. പ്രോജക്ട് പരിശോധിച്ചതിൽ 28 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 26,712/- രൂപയാണ് പരമാവധി തുകയായി അനുവദിച്ചിട്ടുള്ളത്. 11 കുട്ടികൾക്ക് മാത്രമാണ് ഇത്രയും തുക ലഭിച്ചിട്ടുള്ളത് മാനസിക വെല്ലുവിളികളാൽ സമൂഹത്തിൽ വേദനയും കഷ്ടതയും അനുഭവിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ധനസഹായ തുകയും നൽകേണ്ടതാണ്. ഇത്തരത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് തുക നൽകുന്നതിൽ കുറവ് വരാനിടയായ സാഹചര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 44/2024-25,24.01.26 ഫണ്ടിന്റെ ദൗർല്ലഭ്യം കാരണമാണ് തുകയിൽ കുറവ് വന്നത് എന്ന് മറുപടി നൽകി.

3. സ.ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022 7.1. 6 ഇ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്ക്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതാത് മാസം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണമെന്നും ഒപ്പം ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളും ആസൂത്രണ മാർഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ധനസഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഐ സി ഡി എസ് സൂപ്പർവൈസർ സിഡിപിഒ മുഖേന മുൻക്കൂട്ടി നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല.

4) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ അപേക്ഷ പരിശോധിച്ചതിൽ ദർശൻ ശ്രീകുമാർ എന്ന വ്യക്തി അപേക്ഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ പട്ടികയിലും ടിയാൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിക്ക് 2024-25 വർഷം സ്ക്കോളർഷിപ്പ് അനുവദിച്ചിട്ടില്ല. 134/25 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് എന്ന സ്പിൽ ഓവർ പ്രോജക്ടിൽ ദർശൻ ശ്രീകുമാറിന് തുക അനുവദിച്ചിട്ടുണ്ട്. 2024-25 വർഷം ദർശൻ ശ്രീകുമാറിന് സ്ക്കോളർഷിപ്പ് അനുവദിക്കാത്തതിന്റെ കാരണം ലഭ്യമാക്കിയില്ല.

5) ശിവാനന്ദ്, അജീഷ എ എന്നീ വിദ്യാർത്ഥികൾക്ക് ഡേ സ്ക്കോളേസ് എന്ന നിലയ്ക്ക് യാത്രാബത്തയ്ക്കുള്ള അർഹതയുണ്ട്. എന്നാൽ അവർക്ക് 16,962/- രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിന്റെ കാരണം വ്യക്തമല്ല.

6) 16 ഗുണഭോക്താക്കൾക്ക് 16,962/- രൂപയാണ് നൽകിയിട്ടുള്ളത് പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. 16 പേരിൽ രണ്ട് പേരൊഴികെ മറ്റുള്ളവർ ബി ആർസിയിൽ ഉള്ളവരാണ്. അവർ സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നതിനാൽ യാത്രാബത്തയ്ക്ക് അർഹതയില്ല. അങ്ങനെയെങ്കിൽ ഒരാൾക്ക് പരമാവധി കിട്ടാവുന്ന തുക ₹15,500/- (യാത്രാ ബത്ത, ഉല്ലാസ യാത്രാ ബത്ത എന്നിവ ഒഴികെ)

₹15,500/- ന് പകരം 16,962/- രൂപ നൽകാനിടയായ സാഹചര്യം ലഭ്യമാക്കേണ്ടതാണ്.

7. ശാരീരിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ഗൗരി നന്ദന എന്ന വ്യക്തിക്ക് മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്നേഹസ്പർശം സ്കോളർഷിപ്പ് ഇനത്തിൽ 21,348/- രൂപ അനുവദിച്ചിട്ടുണ്ട്. ടിയാൾക്ക് ശാരീരിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കളുടെ സ്കോളർഷിപ്പ് ഇനത്തിൽ 9,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഗൗരി നന്ദയുടെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ രണ്ട് സ്കോളർഷിപ്പ് തുകകളും നൽകാനിടയായ സാഹചര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 44/2024-25, 24.01.26 പിഴവ് സംഭവിച്ചതാണെന്നും തുടർ വർഷങ്ങളിലെ സ്കോളർഷിപ്പ് തുകയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു.

പ്രോജക്ട്	ഗുണഭോക്താവ്	ആധാർ	ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (22/2025)	ഗൗരി നന്ദന BRN 240110520560010655 52/19.12.2024 BRN 240110520560010655 56/19.12.2024 BRN 240110520560010655 25/19.12.2024	243660679376	SBI	67229165229	₹21,348/-
ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (23/2025)	ഗൗരി നന്ദന BRN 240110520560010655 54/19.12.2024	243660679376	SBI	67229165229	₹9,000/-

അധികം തുക നൽകിയ 21,348/- രൂപ തടസ്സപ്പെടുത്തുന്നു. തുക ഈടാക്കിയോ/അടുത്ത സ്കോളർഷിപ്പിൽ ക്രമീകരിച്ചോ വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-30 ജ്വാല – സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും - തുക വകമാറ്റി ചെലവഴിച്ചു - 9,165/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	ജ്വാല – സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ	S0024/25
അടങ്കൽ	₹3,00,000/- (വികസന ഫണ്ട് ജനറൽ)
ചെലവ്	₹1,98,025/-
ബിൽ നമ്പർ/തീയതി/ തുക	1) 126/ 22-10-2024 – 16,500/- 2) 184/ 19-12-2024 - 1,36,000/- 3) 191/ 19-12-2024 – 4,165/- 4) 192/ 19-12-2024 – 17,500/-

സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും ലക്ഷ്യമിട്ട് ലിംഗസമത്വമെന്ന കാഴ്ച്ചപ്പാടിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ നിശ്ചിത യോഗ്യതയുള്ള വനിതയെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിച്ച് അവരുടെ നേതൃത്വത്തിൽ ജാഗ്രത സമിതി പ്രവർത്തനങ്ങൾ ഊർജിതമാക്കൽ, ജെൻഡർ ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കൽ, വാർഡടിസ്ഥാനത്തിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന കൂട്ടായ്മ രൂപീകരിക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾക്കാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം വനിതാ ഫെസിലിറ്റേറ്ററുടെ വേതനം നൽകിയതിനോടൊപ്പം വനിതാ കലോത്സവം (SOO40/25) എന്ന പദ്ധതിയ്ക്ക് വേണ്ടി ചെലവായ തുക കൂടി ഈ പ്രോജക്ടിൽ നിന്നും നൽകിയിരിക്കുന്നു.ഇത്തരത്തിൽ വകമാറ്റി തുക ചെലവ് ചെയ്യുന്നതിന് ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല. വിശദാംശം ചുവടെ

1) Ideal Aluminium & Trophy യുടെ 27.11.2024 ലെ ടാക്സ് ഇൻവോയ്സ് നമ്പർ 7183 പ്രകാരമുള്ള 7,400/- രൂപയിൽ 4,165/- രൂപ സാബു എസ്. എസ്. എന്ന വ്യക്തിക്ക് ബിൽ നം. 191/19.12.2024 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവ് വനിതാ കലോത്സവം എന്ന പ്രോജക്ടിന് വേണ്ടി വരുത്തിയിട്ടുള്ളതാണ്. 4,165/- രൂപ ജ്വാല പ്രോജക്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് കമ്മിറ്റി തീരുമാനം നിലവിലുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻകയറി (നം. 39/2024-25, 24.01.26) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) Amrutheswary Kadakkavoor എന്ന സ്ഥാപനത്തിന്റെ ബിൽ നമ്പർ 80, തീയതി 28.11.2024 പ്രകാരം 10,000/- രൂപ സ്റ്റേജ് കസേര എന്നിവയ്ക്കായി വനിതാ കലോത്സവം പ്രോജക്ടിന്റെ ഭാഗമായി ചെലവ് വന്നിരിക്കുന്നു. ആയത് പ്രകാരം 5,000/- രൂപ ഉൻമേഷ് പി. ജെ. എന്ന വ്യക്തിക്ക് 19.12.2024ലെ ബിൽ നം. 184 പ്രകാരം പ്രോജക്ട് നം. 24/25 (ജോല) പദ്ധതിയിൽ നിന്ന് നൽകിയിട്ടുണ്ട്. വനിതാ കലോത്സവം പ്രോജക്ടിന്റെ ആവശ്യത്തിനായാണ് പ്രസ്തുത ചെലവ് വരുത്തിയിട്ടുളളതെന്ന് ഓഡിറ്റ് എൻകയറി (നം. 39/2024-25, 24.01.26)യ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

വനിതാ കലോത്സവം (പ്രോജക്ട് നം. 40/25) എന്ന പദ്ധതിക്കായി 25,000/- രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തുകയും ആയത് പൂർണമായും ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു പദ്ധതി നടപ്പാക്കുമ്പോൾ അടങ്കൽ വച്ച തുകയേക്കാൾ ചെലവ് അധികമായാൽ പ്രസ്തുത പദ്ധതി റിവൈസ് ചെയ്ത് തുക കണ്ടെത്തുന്നതിന് പകരം മറ്റൊരു പ്രോജക്ടിൽ നിന്നും പ്രസ്തുത തുക ചെലവ് ചെയ്യുന്നത് ശരിയായ പ്രവണതയല്ല. അതിനാൽ വനിതാ കലോത്സവം നടത്തിയതിന്റെ ചെലവിനത്തിൽ ജാല പദ്ധതിയിൽ നിന്നും ചെലവ് ചെയ്ത തുകയായ 9,165/- (4165+5000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവ് സാധൂകരിച്ച് കൊണ്ടുളള ഭരണസമിതി തീരുമാനം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-31 മിനിട്ട്സ് അംഗീകരിക്കുന്നതിൽ കാലതാമസം

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പു വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ പൊതുജനങ്ങളുടെ അറിവിലേക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി.	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി.
23.04.2024	10.06.2024	10.06.2024
30.04.2024	26.06.2024	26.06.2024
28.09.2024	18.01.2025	22.01.2025
26.10.2024	04.12.2024	04.12.2024
08.11.2024	09.04.2025	09.04.2025
12.12.2024	13.05.2025	13.05.2025

ചട്ടപ്രകാരമുളള കാലയളവിൽ മിനിട്സ് പ്രസിദ്ധപ്പെടുത്താത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 5/2024-25, 20.01.2026)ക്ക് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-32 തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിപ്പിലെ അപാകങ്ങൾ

	I	II
പ്രോജക്ട് നമ്പർ	S0012/25 (New)	S0182/25 (Spill Over)
പ്രോജക്ടിന്റെ പേര്	തെരുവ് വിളക്കുകൾ, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകൾ എന്നിവയുടെ മെയിന്റനൻസിനുള്ള ലേബർചാർജ്ജ് നൽകൽ, അറ്റകുറ്റപണി സാധനങ്ങൾ വാങ്ങൽ	തെരുവ് വിളക്ക്, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകൾ എന്നിവയുടെ മെയിന്റനൻസിനുള്ള ലേബർ ചാർജ്ജ് നൽകൽ
അടങ്കൽ	₹1,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺറ്റൈഡ്)	₹1,00,155/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺറ്റൈഡ്)
ചെലവ്	₹86,016/-	₹99,804/-

ബിൽ നമ്പർ, തീയതി, തുക	1) 483/26.03.2025 – ₹39,294/- 2) 484/26.03.2025 – ₹41,724/- 3) 487/26.03.2025 - ₹4,998/-	1) 243/20.01.2025 – ₹88,080/- 2)464/23.03.2025 - ₹11,724/-
നിർവ്വഹണം	സെക്രട്ടറി	

വക്കം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകളും പഞ്ചായത്ത് സ്വന്തം നിലയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളും ((ക്രൂസ് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ ഒഴികെ) മെയിന്റനൻസ് ചെയ്ത് പ്രകാശിപ്പിക്കുന്നതിനും, തകരാർ സംഭവിച്ചവ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ബെസ്റ്റ് ആൻഡ് സേഫ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയിട്ടുള്ളത്.

പ്രോജക്ട് നമ്പർ 12/25 പ്രകാരം ബെസ്റ്റ് ആൻഡ് സേഫ് ഇലക്ട്രിക്കൽസ് ന്റെ 19.03.2025 ലെ ഇൻവോയ്സ് നമ്പർ 302 പ്രകാരം 325 തെരുവ് വിളക്കുകൾ 10 ട്യൂബ് ലൈറ്റുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണിച്ച് 39,294/- രൂപയും 25.03.2025 ലെ ഇൻവോയ്സ് നമ്പർ 324 പ്രകാരം 344 തെരുവ് വിളക്കുകൾ 12 ട്യൂബ് ലൈറ്റുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണിച്ച് 41,724/- രൂപയും 26.03.2025 ലെ ഇൻവോയ്സ് നമ്പർ 319 പ്രകാരം 160 ഹോൾഡറുകളും 1.5mm Aluminium Wire എന്നിവ വാങ്ങിയ 4,998/- രൂപ എന്നിങ്ങനെയാണ് ചെലവ് വന്നിട്ടുള്ളത്. ആകെ 669 തെരുവ് വിളക്കുകളും 22 ട്യൂബ് ലൈറ്റുകളുമാണ് ടി പദ്ധതി പ്രകാരം അറ്റകുറ്റപ്പണി ചെയ്തിട്ടുള്ളത്.

പ്രോജക്ട് നമ്പർ 182/25 (സ്പിൽ ഓവർ) പ്രകാരം ബെസ്റ്റ് ആൻഡ് സേഫ് ഇലക്ട്രിക്കൽസ് ന്റെ 23.10.2024 ലെ ഇൻവോയ്സ് നമ്പർ 246 പ്രകാരം 490 തെരുവ് വിളക്കുകൾ 27 ട്യൂബ് ലൈറ്റുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണിച്ച് 88,080/- രൂപയും 19.03.2025 ലെ ഇൻവോയ്സ് നമ്പർ 299 പ്രകാരം 65 തെരുവ് വിളക്കുകൾ 11 ട്യൂബ് ലൈറ്റുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണിച്ച് 11,959/- രൂപയും എന്നിങ്ങനെയാണ് ചെലവ് വന്നിട്ടുള്ളത്. ആകെ 555 തെരുവ് വിളക്കുകളും 38 ട്യൂബ് ലൈറ്റുകളുമാണ് ടി പദ്ധതി പ്രകാരം അറ്റകുറ്റപ്പണി ചെയ്തിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 31/2024-25, 23.01.2026 യ്ക്ക് മറുപടി ലഭ്യമാക്കിയില്ല

1) പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയില്ല. ക്രൂസ് സ്ഥാപിച്ചിട്ടുള്ളവ, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ളവ, പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ളവ എന്നിങ്ങനെ തരം തിരിച്ച് വിശദാംശം ആവശ്യപ